മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നോട്ടീസു വേണം.

മിസ്റ്റർ എം. ഐ. പോൾ: ഇങ്ങിനെ മത്സ്യം പിടിക്കാൻ അനുവദിക്കുന്നതുകൊണ്ട് പനമ്പുകാട്ട് നിലം ഉണങ്ങാൻ സാധിച്ചിട്ടില്ല എന്നു ഗവൺമെണ്ടിന്നറിയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പല സ്ഥലങ്ങളിൽനിന്നും ആവലാതി കിട്ടിയിട്ടുണ്ട്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: മേടമാസത്തിൽ ചെമ്മീൻ വാറവുണ്ടു എന്നു ആവലാതി കിട്ടിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സൂക്ഷ്മമായി പറയാൻ നോട്ടീസ് വേണം. കൃഷിക്കു നാശം സംഭവിക്കത്തക്കവിധം ചെമ്മീൻ വാറവുണ്ടെന്നു ആവലാതി ചില സ്ഥലങ്ങളിൽനിന്നു കിട്ടിയിട്ടുണ്ട്. എന്നാൽ അങ്ങിനെ മത്സ്യം പിടിക്കാതിരിക്കുവാൻ വേണ്ടത്തക്ക നിർദ്ദേശങ്ങളും ഉദ്യോഗസ്ഥന്മാർക്കു കൊടുത്തിട്ടുണ്ട്.

മിസ്റ്റർ എം. ഐ. പോൾ: ഇതു ഫിഷറി ഡിപ്പാർട്ടുമെണ്ടിനു വിട്ടുകൊടുത്താൽ മതിയായിരുന്നുവല്ലൊ; എന്നാൽ ഇങ്ങിനെയുള്ള ആക്ഷേപങ്ങളും ഉണ്ടാകയില്ലല്ലൊ.

മിസ്റ്റർ പി. കെ. ഡീവർ: കൃഷിക്കാരുടെ സമ്മതമില്ലാതെ വാറവു നടത്താൻ സാധിക്കുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സാധാരണയായി സമ്മതം വാങ്ങാറുണ്ട്.

SOUTH INDIAN ENGINEERING WORKS UNION ACTION COMMITTEE—RESOLUTION OF

84. (340.) മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) പള്ളുരുത്തി സൌത്തിൻഡ്യൻ എഞ്ചിനീയറിംഗ് വർക്സ് യൂണിയൻ ആക്ഷൻ കമ്മിറ്റി ഫയർ തുലാം മുതൽക്കുള്ള-യിൽ യോഗംകൂടി പാസ്സാക്കി ഗവൺമെണ്ടിലേയ്ക്കയച്ച പ്രമേയങ്ങൾ കിട്ടുകയുണ്ടായൊ;

(ബി) ഉണ്ടെങ്കിൽ അവയുടെ കോപ്പി ദയവായി മേശപ്പുറത്തു വെക്കുമോ;

(സി) സൌത്ത് ഇൻഡ്യൻ എഞ്ചിനീയർ വർക്സിൽനിന്നും ഫെ ൪ ഓളം തൊഴിലാളികളെ യാതൊരു മുന്നറിയിപ്പും കൂടാതെയും "നോട്ടീസ് പെയ്" പോലും കൊടുക്കാതെയും എന്താണ്ടു് ൪ മാസമായി പിരിച്ചുവിട്ടതിനെപ്പറ്റി ഗവൺമെണ്ടിലേക്കു് വല്ല ആവലാതിയും കിട്ടുകയുണ്ടായിട്ടുണ്ടോ;

(ഡി) ഫയർ ദിവസത്തെ നോട്ടീസ്സോ നോട്ടീസ്സു് ശമ്പളമൊ കൊടുക്കാത്ത തൊഴിലാളികളെ പിരിച്ചു വിട്ടതിനെപ്പറ്റി ഗവൺമെണ്ടു് വല്ല നടപടിയും എടുക്കുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വു്.

(ബി) അവയുടെ ഒരു പ്രതി മേശപ്പുറത്തു വെച്ചിരിക്കുന്നു.

(സി) ആക്ഷേപങ്ങളും കിട്ടിയിട്ടുണ്ടു്. ഫൻ ചെ തൊഴിലാളികളെ ഫൻ ർ വ്യൂൺ ഫ ൪-ാംനു-യിലാണു് പിരിച്ചുവിട്ടതു്.

(ഡി) നോട്ടീസ്സു ശമ്പളം കൊടുക്കാത്തതിനു കമ്പനിയുടെ മേൽ നടപടി നടത്തിവരുന്നുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: സർ, (സി) എന്ന ഉത്തരത്തിൽ ഫൻ ചെ തൊഴിലാളികളെ ഫൻ ർ വ്യൂൺ ഫ ൪-ാംനു- പിരിച്ചുവിട്ടിട്ടുണ്ടു് എന്നു പറയുന്നുണ്ടു്. എന്റെ ചോദ്യത്തിൽ ചെ ൪ തൊഴിലാളികളെ പിരിച്ചുവിട്ടതായി പറയുന്നതു് ശരിയല്ലെന്നു കാണിക്കുമാറാണോ അങ്ങിനെ ഒരു വാചകം ചേർത്തതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം തെറ്റാണെന്നു കാണിക്കുന്നതിനേക്കാൾ മറുപടികൊണ്ടുദ്ദേശിക്കുന്നതു് ശരിയായിട്ടുള്ള വിവരം ധരിപ്പിക്കുക എന്നതാണു്.

മിസ്റ്റർ പി. കെ. ഡീവർ: ഫൻ ർ വ്യൂൺ ഫ ൪-ാംനു- പിരിച്ചുവിട്ടപ്പോൾ ഫയർ ദിവസത്തെ നോട്ടീസ് കൊടുക്കേണ്ട ആവശ്യമില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയാണു് Standing Orders-ൽ പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. ഡീവർ: ഫൻ ർ വ ട്ടൻ ഫ ൽ-ാംതിയ്യതി നിയമരഹിതമായി ആ തൊഴിലാളികളെ പിരിച്ചുവിട്ടതിന്നു് മുതലാളിയുടെ പേരിൽ prosecution നടപടികൾ എടുത്തിട്ടില്ല എന്നാണോ മനസ്സിലാക്കേണ്ടതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല; അടുത്തുതന്നെ prosecution order ആയിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: എന്നാണു് order ആയതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അടുത്താണു്.

മിസ്റ്റർ പി. കെ. ഡീവർ: ഫ ർ ദിവസത്തെ ശമ്പളം കൊടുപ്പിക്കുവാൻ വല്ല ശ്രമവുമുണ്ടായോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ശമ്പളം കൊടുപ്പിക്കുവാൻ ഉള്ള ശ്രമമുണ്ടായി. എന്നാൽ ഒരു വിധി നടത്തുന്ന മാതിരി, തൊഴിലാളികൾക്കു് മുതലാളിയെക്കൊണ്ടു് ശമ്പളം കൊടുപ്പിക്കുവാൻ സാദ്ധ്യമല്ല. മുതലാളിമാർ ശമ്പളം കൊടുക്കാതിരുന്നാൽ നിയമപ്രകാരം penal consequences അവരെക്കൊണ്ടു് അനുഭവിപ്പിക്കാം; അങ്ങിനെയാണു് തൊഴിൽ നിയമത്തിന്റെ ഇപ്പോഴത്തെ നില.

മിസ്റ്റർ പി. കെ. ഡീവർ: ലോക്കൗട്ടിന്നുശേഷം കമ്പനിയിൽ പിന്നെയും കുറെ ആളുകളെയും നിയമിച്ചു പണി എടുപ്പിക്കുന്നതായി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല. വേണമെങ്കിൽ അന്വേഷിച്ചുനോക്കാം.

മിസ്റ്റർ പി. കെ. ഡീവർ: ലോക്കൗട്ടു് ചെയ്തതിന്നുശേഷമുള്ള സ്ഥിതികളെക്കുറിച്ചു് ലേബർ കമ്മീഷണരുടെ റിപ്പോർട്ടു് ലഭിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇപ്പോഴത്തെ സ്ഥിതിയെപ്പറ്റി റിപ്പോർട്ടു് ഒന്നും കിട്ടിയിട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: രണ്ടാമതു് കുറെ ആളുകളെ എടുക്കുന്നുണ്ടെന്നും ജോലി ചെയ്യിക്കുന്നുണ്ടെന്നും കാണിച്ചു് ഒരാക്ഷേപം കിട്ടുകയുണ്ടായോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ഉണ്ടെങ്കിൽ അതിന്നു് നടപടിയെടുക്കാം.

മിസ്റ്റർ പി. കെ. ഡീവർ: ഇതിനെ സംബന്ധിച്ചു് യാതൊരു റിപ്പോർട്ടും ലേബർ കമ്മീഷണരുടെ അടുത്തുനിന്നും കിട്ടുകയുണ്ടായിട്ടില്ലേ?. ഫ ന—ന—ഫ ർ-ൽ യോഗം കൂടി അയച്ചിട്ടുള്ള പ്രമേയത്തിൽ പറഞ്ഞിട്ടുള്ളതിനെപ്പറ്റിയാണു് ഞാൻ ചോദിക്കുന്നതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഫ ന—ന—ഫ ർ-ലെ നിവേദനത്തെപ്പറ്റി റിപ്പോർട്ടു് ഉണ്ടോ എന്ന പറയുവാൻ നോട്ടീസു് വേണം.

മിസ്റ്റർ പി. കെ. ഡീവർ: ഇതിനെപ്പറ്റി തൊഴിലാളികളോടൊന്നും ചോദിക്കാതെ മാനേജ്മെന്റിനോടു മാത്രം ചിലതു ചോദിച്ചു പോയി എന്നാണു് പ്രമേയത്തിൽ ആക്ഷേപിച്ചിട്ടുള്ളതു്. ഇതിനെ സംബന്ധിച്ചു് ലേബർ കമ്മീഷണർ വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ എന്നറിയാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസു് വേണം.

NELPATTOM PAYABLE TO PALIAM—COMPLAINTS REGARDING

85. (225) മിസ്റ്റർ എ. കെ. കുഞ്ഞമ്മൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) പാലിയത്തേക്കുള്ള നെൽപ്പാട്ടം സംബന്ധിച്ചു് പറവാശി വസൂലാക്കണമെന്നുള്ള പാലിയം അധികൃതന്മാരുടെ തീരുമാനം ഗവൺമെണ്ടിന്റെ അറിവിൽ പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ കൂടിയാന്മാക്കുള്ള കഷ്ടനഷ്ടങ്ങളെ സംബന്ധിച്ചു് ഗവൺമെണ്ടിനു് നിവേദനങ്ങൾ കിട്ടീട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) ഉവ്വു്.

(ബി) ഉവ്വു്.

LIBRARY ARCHIVES Kerala Legislative Assembly